"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, മഞ്ഞളൂർ എ.എസ്.ബി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.സോണിമ. ആർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 23860/2023 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 04.08.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1738/2024/GEDN തീയതി,തിരുവനന്തപുരം, 01-03-2024

---

പരാമർശം:-

1. പാലക്കാട്, മഞ്ഞളൂർ എ.എസ്.ബി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.സോണിമ. ആർ ന്റെ 24/06/2023 തീയതിയിലെ പുന പരിശോധനാ ഹർജി(Ext. P6).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 23860/2023 മേലുള്ള 04.08.2023 തീയതിയിലെ വിധിന്യായം.
3. കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/12/2023, തീയതിയിലെ AEOCYL/671/2023-C നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 03/12/2023 തീയതിയിലെ DDEPKD/3464/2023-B2 നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/12/2023 ജി1/20504/2023/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, മഞ്ഞളൂർ എ.എസ്.ബി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.സോണിമ. ആർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 23860/2023 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P6(പരാമർശം 1) പുന പരിശോധനാ ഹർജി ഹർജിക്കാരിയെയും ആറാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും ടി സ്കൂളിൽ നിയമിതയായ ശ്രീമതി. ഗീത ആർ എന്നിവരെ കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ട കക്ഷികളെ 5.12.2023-ൽ നേരിൽ കേട്ടു. ടി സ്കൂൾ മാനേജർക്ക് കൂടിക്കാഴ്ച സംബന്ധിച്ച അറിയിപ്പ് നൽകിയെങ്കിലും ടിയാൾ വാദമുഖ പത്രിക സമർപ്പിച്ചിട്ടില്ല.

2. ഹർജിക്കാരിയുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്:

റിവിഷൻ ഹർജിക്കാരിയെ 15.7.2021 നും 1.6.2022 നും സ്കൂളിൽ മാനേജർ നിയമിച്ചു. നിയമനം അധിക തസ്തികയിലാണ്. നിയമനാംഗീകാരത്തിനുള്ള രേഖകളെല്ലാം വിദ്യാഭ്യാസ

നിയമം അധ്യായം XIV, റൂൾ 8(1) പ്രകാരം കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. ആയത് 16.8.2021-ലെ ഉത്തരവിൻ പ്രകാരം കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിരസന ഉത്തരവിനെതിരെ മാനേജർ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയതിലെ തീരുമാനം സംബന്ധിച്ച് റിവിഷൻ ഹർജിക്കാരിക്ക് അറിവില്ല. കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിവിഷൻ ഹർജിക്കാരിയുടെ നിയമനം നിരസിച്ച ഉത്തരവിന്റെ കോപ്പി അദ്ധ്യായം 14 റൂൾ 8 (2) പ്രകാരം ഹർജിക്കാരിക്കും ലഭ്യമാക്കേണ്ടതാണ്. ആകയാൽ തുടർ നടപടികൾ ഹർജിക്കാരി സ്വീകരിച്ചിട്ടില്ല.

സ്കൂളിലെ അദ്ധ്യാപകൻ ശ്രീ.ഹരിദാസ്.വി 31.5.2023-ന് വിരമിച്ചു. അദ്ദേഹം തുടർന്ന് വന്നത് സ്ഥിരം വേക്കൻസിയിലായിരുന്നു. അധിക തസ്തികയിൽ അംഗീകാരം ലഭ്യമാകാതെ തുടർന്ന് വരുന്ന ഹർജിക്കാരിക്ക് സ്ഥിരം വേക്കൻസിയിൽ നിയമനം ലഭിക്കേണ്ടതാണ്. ആയത് പരിഗണിക്കാതെ 31.5.2023-ലെ ഹരിദാസ്.വി എന്ന അദ്ധ്യാപകന്റെ വിരമിക്കൽ ഒഴിവിൽ ഗീത.ആർ എന്ന അദ്ധ്യാപികയെ നിയമിച്ചു.

ശ്രീമതി.ഗീതയ്ക്ക് സ്കൂളിൽ മുൻകാല സർവ്വീസില്ല. ആകയാൽ റിവിഷൻ ഹർജിക്കാരിക്ക് അവകാശപ്പെട്ട തസ്തിക അവകാശിയല്ലാത്ത ഗീതയ്ക്ക് നൽകിയ നടപടിയെയാണ് റിവിഷൻ ഹർജിയിലൂടെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളത്. മാനേജരുടെ മേൽ നടപടി താഴെ പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

1. റിവിഷൻ ഹർജിക്കാരിക്ക് വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ റൂൾ 51 എ പ്രകാരം ഒരു അദ്ധ്യയന വർഷത്തിൽ കൂടുതൽ സർവ്വീസുണ്ട്. ആകയാൽ 51 എ അവകാശിയാകുന്നു

2. റിവിഷൻ ഹർജിക്കാരിയുടെ യോഗ്യത സംബന്ധിച്ചോ തസ്തികയുടെ ലഭ്യത സംബന്ധിച്ചോ യാതൊരു തർക്കവും ഉന്നയിക്കപ്പെട്ടിട്ടില്ല.

3. ലീവ് വേക്കൻസിയിൽ നിയമിക്കപ്പെട്ടവർക്ക് പോലും നിയമനാംഗീകാരം ലഭ്യമായിട്ടില്ലെങ്കിലും സ്കൂളിൽ സ്ഥിരം തസ്തിക ലഭ്യമാകുമ്പോൾ മുൻഗണന പ്രകാരം സ്ഥിരം തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്യപ്പെടേണ്ടതുണ്ട്. ( Vide GO (Ms) 275/99/GEDN dated 9.11.99)

4. കൂടാതെ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് സമാനമായ കേസിൽ സംശയലേശമന്യേ വിശദമായ വിധി പ്രസ്താവിച്ചിട്ടുണ്ട്. വിധിയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"court held that the Manager could not take shelter behind the plea thatwhen the regular vacancy arose the appointment of appellant in the maternity leave vacancy was not approved. When the regular vacancy arose appellant should have been accommodated in that vacancy and a fresh hand could have been appointed only in the remaining portion of maternity leave vacancy, in which appellant was working."

വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ റൂൾ 40 പ്രകാരം മാനേജർക്ക് റിവിഷൻ ഹർജിക്കാരിയെ ഇപ്പോൾ തുടരുന്ന തസ്തികയിൽ നിന്നും ലഭ്യമായ സ്ഥിരം തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അധികാര അവകാശം നൽകുന്നു.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും വെളിച്ചത്തിൽ റിവിഷൻ ഹർജിക്കാരിയുടെ പ്രഥമ നിയമനത്തിന് ഭംഗം വരാതെ 31.5.2023-ന് ഉണ്ടായ വിരമിക്കൽ ഒഴിവിൽ 1.6.2023 മുതൽ നിയമനവും, നിയമനാംഗീകാരവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട്, ഉപജില്ല വിദ്യാഭ്യാസ

ഓഫീസർ, കുഴൽമന്ദം എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മഞ്ഞളൂർ എ.എസ്.ബി. സ്കൂളിലെ 2018-19 വർഷത്തിൽ വരാവുന്ന അഡീഷണൽ ഡിവിഷൻ വേക്കൻസിയിൽ മാനേജർ ശ്രീമതി.സോണിമ.ആർ -നെ യു.പി.എസ്.ടി ആയി 15.7.2021 മുതൽ നിയമിച്ചത് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ച് ഉത്തരവായിരുന്നു.

മേൽ ഉത്തരവിനെതിരെ മാനേജർ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസിൽ അപ്പീൽ സമർപ്പിച്ചത് 8.6.2022 തീയതിയിലെ ബി3/195895/2021 നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങൾ കാണിച്ച് നിരസിച്ച് ഉത്തരവായിരുന്നു.

സർക്കാർ ഉത്തരവ് നമ്പർ 3287/2021/പൊ.വി.ന തീയതി 6.7.21 പ്രകാരം 15.7.21 മുതലുള്ള അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാൻ വ്യവസ്ഥയില്ല.

2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തസ്തിക വ്യവസ്ഥാപിതമാണോ എന്ന് വ്യക്തമല്ല.

ടി സ്കൂൾ മാനേജർ വീണ്ടും 2021-22 വർഷത്തെ പ്രതീക്ഷിത യു.പി.എസ്.ടി തസ്തികയിൽ 15.7.2021 മുതൽ ശ്രീമതി.സോണിമ.ആർ-നെ നിയമിക്കുകയും നിയമനം അംഗീകരിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയത് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ കെ.ഡിസ്.സി/30233/2022 തീയതി 1.12.2022 ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് ഉത്തരവായിരുന്നു.

2021-22 വർഷത്തിൽ തസ്തിക നിർണ്ണയം നടക്കുകയോ അധിക തസ്തിക അനുവദിക്കുകയോ ഉണ്ടായിട്ടില്ല. 2019-20 വർഷത്തെ തസ്തികകൾ തന്നെ തുടരാനാണ് നിർദ്ദേശിച്ചിരുന്നതെന്നതിനാൽ 2021-22 വർഷത്തെ അധിക തസ്തിക അനുവദനീയമല്ല. ആയതിനാൽ ശ്രീമതി.സോണിമ.ആർ-നെ നിയമിച്ചിരിക്കുന്നത് വ്യവസ്ഥാപിതമായ ഒഴിവിലല്ല.

മേൽ ഉത്തരവിനെതിരെ മാനേജരോ, ടി അദ്ധ്യാപികയോ അപ്പീലിനു പോയതായി കാണുന്നില്ല. 31.5.2023ന് ശ്രീ.ഹരിദാസ്.വി എ.എസ്.ബി.എസ് മഞ്ഞളൂർ സ്കൂളിൽ നിന്നും യു.പി.എസ്.ടി തസ്തികയിൽ വിരമിച്ചു. ടി ഒഴിവിൽ മാനേജർ ശ്രീമതി.ഗീത.ആർ-നെ 1.6.2023-ന് നിയമിച്ച നിയമന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും ടി നിയമനത്തിൽ തുടർ നടപടികൾ നടന്ന് വരികയാണ് എന്നും കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ശ്രീ.ടി ഹരിദാസ്.വി വിരമിച്ച ഒഴിവിൽ ശ്രീമതി.സോണിമ.ആർ-നെ മാറ്റി നിയമിക്കണമെന്നതാണ് റിവിഷൻ അപ്പീലിലെ ആവശ്യം. ടി ആവശ്യത്തിൽ തീരുമാനമെടുക്കേണ്ടത് സ്കൂൾ മനേജർ ആണെന്നും ഒരു എയ്ഡഡ് സ്കൂളിൽ നിയമനം നടത്താനുള്ള അധികാരം ബന്ധപ്പെട്ട സ്കൂൾ മാനേജരുടെ പക്കൽ നിക്ഷിപ്തമായിരിക്കെ ടി ആവശ്യത്തിൽ നടപടികൾ കൈക്കൊള്ളുവാൻ കഴിയുന്നതല്ല.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ്കൂൾ മാനേജർ ഹർജിക്കാരിയെ 15.7.2021, 1.6.2022 തീയതികളിൽ അധിക തസ്തികയിൽ നിയമിച്ചു. 15.7.2021 മുതലുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ വ്യവസ്ഥയില്ലാത്തിനാലും, 2021-22 വർഷം 2019-20 വർഷത്തെ തസ്തികകൾ തന്നെ തുടരാൻ നിർദ്ദേശിച്ചിരുന്നതിനാൽ 2021-22 വർഷത്തെ അധിക തസ്തിക അനുവദനീയമല്ലാത്തതിനാലും ഹർജിക്കാരിയെ നിയമിച്ചിരിക്കുന്നത് വ്യവസ്ഥാപിതമായ ഒഴിവിൽ അല്ല. ഈ

സാഹചര്യത്തിലാണ് ടിയാളുടെ നിയമനം കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് നമ്പർ 3287/2021/പൊ.വി.ന തീയതി 6.7.21 പ്രകാരം 15.7.21 മുതലുള്ള അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാൻ വ്യവസ്ഥയില്ല. 31.5.2023-ലെ റിട്ടയർമെന്റ് ഒഴിവിൽ മാനേജർ ശ്രീമതി.ഗീത.ആർ-നെ നിയമിക്കുകയും നിയമന പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവിൽ ഹർജിക്കാരിയെ മാറ്റി നിയമിക്കണമെന്നതാണ് ആവശ്യം. എന്നാൽ, ഒരു എയ്ഡഡ് സ്കൂളിൽ നിയമനം നടത്താനുള്ള അധികാരം ബന്ധപ്പെട്ട സ്കൂൾ മാനേജരിൽ നിക്ഷിപ്തമാണ്.

മേൽ സാഹചര്യത്തിൽ പാലക്കാട് മഞ്ഞളൂർ എ.എസ്.ബി സ്കൂളിലെ 31.5.2023-ലെ റിട്ടയർമെന്റ് ഒഴിവിൽ ശ്രീമതി.സോണിമ.ആർ-നെ മാറ്റി നിയമിക്കണമെന്ന ഹർജിക്കാരിയുടെ പരാമർശം 1 പുന പരിശോധനാ ഹർജി (Ext.P6) യിലെ ആവശ്യം നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.

മാനേജർ, എ.എസ്.ബി സ്കൂൾ, മഞ്ഞളൂർ, പാലക്കാട്.

പ്രഥമാദ്ധ്യാപകൻ, എ.എസ്.ബി സ്കൂൾ, മഞ്ഞളൂർ, പാലക്കാട്.

ശ്രീമതി.സോണിമ.ആർ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.എസ്.ബി സ്കൂൾ, മഞ്ഞളൂർ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 01-03-2024 14:20:08

സെക്ഷൻ ഓഫീസർ